Civil Services (Main)
Examination- 2025

SLPM-U-MLY

മലയാളം / MALAYALAM

പേപ്പർ I / Paper I

(സാഹിത്യം) / (LITERATURE)

സമയം : **മൂന്നു** മണിക്കൂർ
*Time Allowed : **Three** Hours*

പരമാവധി മാർക്ക് : **250**
*Maximum Marks : **250***

ചോദ്യപേപ്പർ പ്രത്യേകനിർദ്ദേശങ്ങൾ

ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുൻപായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :

ആകെ **എട്ടു**ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടുഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ചു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ്.

ഒന്നാമത്തെയും അഞ്ചാമത്തെയും ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽനിന്നും കുറഞ്ഞത് **ഒരു**ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കുകൾ അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളംലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്‌ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

Question Paper Specific Instructions

Please read each of the following instructions carefully before attempting questions :

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

The number of marks carried by a question / part is indicated against it.

*Answers must be written in **MALAYALAM (Malayalam script)**.*

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.

Optional Province · optionalprovince.com

SECTION A

Q1. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതുവാക്കുകളിൽ കവിയരുത്. *10×5=50*

(a) പുരുഷഭേദനിരാസം സംബന്ധിച്ച വിവിധ വാദമുഖങ്ങൾ ക്രോഡീകരിക്കുക. *10*

(b) വടക്കൻപാട്ടുകൾ മലയാളഭാഷയുടെ വികാസപരിണാമത്തിന്റെ ഏതു ഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നുവെന്നു് സോദാഹരണം വിശദമാക്കുക. *10*

(c) നവമാദ്ധ്യമഭാഷയുടെ പ്രത്യേകതകൾ മലയാള ഭാഷയുടെ ആധുനികനിലയെ സ്വാധീനിക്കുന്നതെങ്ങനെ ? *10*

(d) ഭരണഭാഷയുടെ പ്രാക്തനനില ഭാഷാ കനടലീയത്തെ ഉദാഹരണമാക്കി വിശകലനം ചെയ്യുക. *10*

(e) സംബന്ധികാവിഭക്തിപ്രത്യയത്തിന്റെ രൂപപരിണാമം ഭാഷോല്പത്തിവാദത്തിൻ പ്രസക്തമാകുന്നുണ്ടോ ? *10*

Q2. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) രാമചരിതഭാഷയെയും കൃഷ്ണഗാഥാഭാഷയെയും ബന്ധിപ്പിക്കുന്ന കണ്ണി എന്ന നിലയിൽ നിരണംകവിതകളെ പരിഗണിക്കാനാകുമോ ? *20*

(b) ചമ്പുക്കളുടെയും ആട്ടക്കഥകളുടെയും രംഗഭാഷാവഴക്കം ചർച്ച ചെയ്യുക. *15*

(c) അനുനാസികാതിപ്രസരവും താലവ്യാദേശവും സന്ധിവികാരം മാത്രമാണോ ? കേരളപാണിനീയത്തെ മുൻനിറുത്തി പരിശോധിക്കുക. *15*

Optional Province · optionalprovince.com

Q3. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) ലീലാതിലകത്തിലെ 'കൂന്തൽവാദ'ത്തിനു ഭാഷോല്പത്തിപഠനത്തിലുള്ള പ്രാധാന്യമെന്തു് ? *20*

(b) മലയാളഗദ്യഭാഷാവികാസത്തിൽ മിഷണറിമാരുടെ സംഭാവനകൾ വിലയിരുത്തുക. *15*

(c) പാനപ്പാട്ടുകൾ മലയാളത്തിലെ നാടോടിവഴക്കവുമായി ഇണങ്ങുന്നതാണോ ? *15*

Q4. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) ഭാഷയെ ജനകീയമാക്കുന്നതിൽ 'കൃഷ്ണഗാഥ' വഹിച്ച പങ്ക് വിശദമാക്കുക. *20*

(b) 'അറബിമലയാളം' – വംശീയഭാഷാവഴക്കമെന്ന നിലയിൽ ഇതിന്റെ പ്രസക്തി നിർണ്ണയിക്കുക. *15*

(c) ശാസ്ത്രസാങ്കേതികവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മലയാളഭാഷ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെന്തെല്ലാം ? *15*

Optional Province · optionalprovince.com

SECTION B

Q5. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതുവാക്കുകളിൽ കവിയരുത്. *10×5=50*

(a) കാവ്യത്തെ വിനോദമായി മാത്രം കണ്ടവരാണു് വെണ്മണിക്കവികളെന്ന ആരോപണത്തിന്റെ നിജസ്ഥിതി പരിശോധിക്കുക. *10*

(b) സംസ്കൃതസാഹിത്യസങ്കേതങ്ങളുടെ തനിയാവർത്തനം മാത്രമായിരുന്നു മലയാളത്തിലെ മഹാകാവ്യപ്രസ്ഥാനമെന്നതു ശരിയാണോ ? *10*

(c) ജീവിതത്തിന്റെ ദാർശനികാവിഷ്കാരങ്ങളായിരുന്നു ഒ.വി. വിജയന്റെ നോവലുകൾ - വിശദമാക്കുക. *10*

(d) കാല്പനികതാതിപ്രസരം ചങ്ങമ്പുഴക്കവിതകളെ ജീവിതയാഥാർത്ഥ്യങ്ങളിൽനിന്നു അകറ്റുന്നുവെന്ന നിരീക്ഷണത്തിന്റെ സാംഗത്യമെന്ത് ? *10*

(e) ഭക്തിയുടെ ഉദാത്താവിഷ്കാരങ്ങളെന്ന നിലയിൽ നിരണംകവിതകൾ വേറിട്ടുനില്ക്കുന്നു – ശരിയോ ? *10*

Q6. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) കാല്പനികതയുടെ പോരായ്മകളെ തിരുത്തിനവജീവിതമാതൃക അടയാളപ്പെടുത്തിയ കവിയെന്ന വിശേഷണം ഇടശ്ശേരിക്കു നല്കാനാകുമോ ? *20*

(b) വാങ്മയസാഹിത്യമെന്ന നിലയിൽ പഴഞ്ചൊല്ലുകളുടെ പ്രത്യേകതകളെന്തെല്ലാം ? *15*

(c) അസ്തിത്വപ്രശ്നം നേരിടുന്ന മലയാളമനസ്സിന്റെ സ്വത്വാവിഷ്കാരങ്ങളായിരുന്നു എം.ടി. യുടെ കഥകൾ - ശരിയോ ? *15*

Optional Province · optionalprovince.com

Q7. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) സംസ്കൃതസാഹിത്യസംസ്കാരം മലയാളത്തിലേയ്ക്കു പകർത്തുന്നതിൽ മണിപ്രവാളകവിതകൾ വഹിച്ച പങ്കെന്തു് ? *20*

(b) മലയാള കവിതാസാഹിത്യത്തിൽ ആധുനികത വരുത്തിയ മാറ്റങ്ങളെന്തെല്ലാം ? *15*

(c) മലയാളനാടകത്തിന് കാവാലം നാരായണപ്പണിക്കർ ചെയ്ത സംഭാവനകൾ വിശദമാക്കുക. *15*

Q8. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) നവോത്ഥാനകാലചിന്തകൾക്കു കവിത്രയം നല്കിയ സംഭാവനകളെന്തെല്ലാം ? *20*

(b) 'ഭക്തിയിലൂടെ മുക്തി' എന്ന സമീപനം അദ്ധ്യാത്മരാമായണം കിളിപ്പാട്ടിനെ കൂടുതൽ ജനകീയമാക്കിയെന്നു കരുതാമോ ? *15*

(c) സൂക്ഷ്മവും കൃത്യവും കർക്കശവുമാണു് കുട്ടി കൃഷ്ണമാരാരുടെ വിമർശനസ്വഭാവം-ഭാരതപര്യടനത്തെ ഉദാഹരണമാക്കി പരിശോധിക്കുക. *15*

Optional Province · optionalprovince.com